2026
JANUARY
13
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper





## നിർണ്ണായക ചുവട് വെയ്പുമായി ഉന്നതതല ചർച്ച

### ബ്രസ്സൽസിൽ ഒരാഴ്ച നീണ്ടുനിന്ന തീവ്ര നയതന്ത്രസാങ്കേതിക ഇടപെടലുകളുടെ ഭാഗമായിട്ടായിരുന്നു ഉന്നതതല ചർച്ച

**ന്യൂഡൽഹി:** ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ചർച്ചകളിൽ നിർണായക ചുവട് വെയ്പ്പുകളുമായി ഇന്ത്യ. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ നേതൃത്വത്തിൽ യൂറോപ്യൻ യൂണിയൻ വ്യാപാര,സാമ്പത്തിക സുരക്ഷാ കമ്മീഷണർ മാരോഷ് സെഫ്കോവിച്ചുമായി ബ്രസൽസിൽ നടത്തിയ ഉന്നതതല ചർച്ചയിലാണ് പുതിയ പ്രതീക്ഷകൾ പകർന്നു നിൽകിക്കൊണ്ടുള്ള ചുവട് വെയ്പ്പുകളിലേക്ക് കടന്നിരിക്കുന്നത്. സമഗ്ര കരാർ രൂപപ്പെടുത്തുന്നതിനായി ബ്രസ്സൽസിൽ ഒരാഴ്ച നീണ്ടുനിന്ന തീവ്ര നയതന്ത്രസാങ്കേതിക ഇടപെടലുകളുടെ ഭാഗമായിട്ടായിരുന്നു ഉന്നതതല ചർച്ച നടന്നത്. ഇതിന് മുന്നോടിയായി ഇന്ത്യൻ വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാളും യൂറോപ്യൻ കമ്മീഷൻ വ്യാപാര ഡയറക്ടർ ജനറൽ സബൈൻ വെയാൻഡും തമ്മിലും ഉന്നതതല ചർച്ചകൾ നടത്തിയിരുന്നു. വിവിധ ചർച്ചാ ഘട്ടങ്ങളിൽ ഇതുവരെ കൈവരിച്ച പുരോഗതി യോഗം വിലയിരുത്തി. അഭിപ്രായ വ്യത്യാസങ്ങൾ ലഘൂകരിക്കാനും പ്രതിബന്ധ വിഷയങ്ങളിൽ വ്യക്തത വരുത്താനുമായി ഉദ്യോഗസ്ഥതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ മന്ത്രിതല ചർച്ചകൾക്ക് വഴിതുറന്നു. നിർദിഷ്ട കരാറിലെ സുപ്രധാന മേഖലകളെക്കുറിച്ച് കൂടിക്കാഴ്ചയിൽ കേന്ദ്രമന്ത്രി പിയൂഷ് ഗോയലും സെഫ്കോവിച്ചും വിശദമായ ചർച്ചകൾ നടത്തി. ഉൽപ്പന്നങ്ങളുടെ വിപണി പ്രവേശനം, ഉറവിട നിയമങ്ങൾ, സേവനമേഖല തുടങ്ങി വിവിധ തലങ്ങളിൽ കൈവരിച്ച സുസ്ഥിര പുരോഗതി ഇരുപക്ഷവും വിലയിരുത്തി. ക്രിയാത്മക ഇടപെടലുകളിലൂടെ ശേഷിക്കുന്ന വിഷയങ്ങളിൽ പരിഹാരം കാണാനും മന്ത്രിതല ചർച്ചയിൽ തീരുമാനമായി. പങ്കാളിത്ത മൂല്യങ്ങൾക്കും സാമ്പത്തിക മുൻഗണനകൾക്കും അനുസൃതമായി നിശ്ചിത ചട്ടക്കൂടിനകത്ത് നീതിയുക്തവും സന്തുലിതവുമായ കരാർ പൂർത്തീകരണം യാഥാർഥ്യമാക്കുന്നതിന്റെ പ്രാധാന്യവും ഇരു നേതാക്കളും വ്യക്തമാക്കി. ഉന്നതതല ചർച്ചയിൽ ഉയർന്ന ശേഷിക്കുന്ന വിഷയങ്ങളിൽ പരിഹാരം കാണാനും കരാർ നടപടികൾ വേഗത്തിലാക്കാനും ഇരു നേതാക്കളും കൃത്യമായ മാർഗനിർദേശം നൽകി. ആധുനികവും സമഗ്രവും പരസ്പരം പ്രയോജനകരവുമായ കരാറിൽ ഉടൻ തന്നെ ഒപ്പുവെയ്ക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസത്തോടെയാണ് ഉന്നത തല ചർച്ചകൾ അവസാനിച്ചത്.

## 21,000 കോടി കമ്മി പരിഹരിക്കാൻ സാമ്പത്തിക പാക്കേജിന് കേരളം

**ന്യൂഡൽഹി:** സംസ്ഥാനത്തിന്റെ കടമെടുപ്പു പരിധിയിൽ കേന്ദ്രം കുറവു വരുത്തിയതുകൊണ്ടുണ്ടായ 21,000 കോടി രൂപയുടെ കമ്മി പരിഹരിക്കാനായി പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു. കേന്ദ്ര ബജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ നടന്ന സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ മന്ത്രി കെ.എൻ.ബാലഗോപാലാണ് ഈ ആവശ്യം മുന്നോട്ടുവച്ചത്. 17,000 കോടി രൂപ നേരിട്ട് കടമെടുപ്പ് പരിധിയിൽ വരുത്തിയ കുറവാണ്.

ഇതിനു പുറമേയാണ് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം (ജിഎസ്ഡിപി) കണക്കാക്കുന്നതിലെ വ്യത്യാസം മൂലമുണ്ടായ 4,250 കോടി രൂപയുടെ നഷ്ടം. ജിഎസ്ഡിപി കണക്കാക്കുന്നതിൽ 15-ാം ധനകാര്യകമ്മിഷന്റെ ശുപാർശയിൽ നിന്നു വ്യത്യസ്തമായ രീതിയാണ് കേന്ദ്രം പിന്തുടർന്നതെന്നു മന്ത്രി പറഞ്ഞു.

ഇതിനു മുൻകാല പ്രാബല്യം കൂടി പരിഗണിച്ചാൽ കേരളത്തിന് ആയിരക്കണക്കിനു കോടി രൂപയുടെ നഷ്ടമുണ്ടാകാമെന്നും വ്യക്തമാക്കി.



## നിർബന്ധിത സർവീസ് ചാർജ്: 27 റെസ്റ്റോറന്റുകൾക്ക് എതിരെ കേസ്

**ന്യൂഡൽഹി:** ഉപഭോക്തൃ അവകാശങ്ങൾ ലംഘിച്ച് നിർബന്ധിത സർവീസ് ചാർജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യമെമ്പാടുമുള്ള 27 റെസ്റ്റോറന്റുകൾക്കെതിരെ ഉപഭോക്തൃ സംരക്ഷണ നിയമം, 2019 വകുപ്പ് 2(47) പ്രകാരം, കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി സ്വമേധയാ കേസെടുത്തു.

പട്ന, മുംബൈ എന്നിവടങ്ങളിലുൾപ്പെടെനിരവധി റെസ്റ്റോറന്റുകൾ സ്വയമേവ 10% സർവീസ് ചാർജ് ഈടാക്കിയതായി അന്വേഷണത്തിൽ കണ്ടെത്തി. ഇത് 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെയും അതോറിട്ടി മാർഗ്ഗനിർദ്ദേശങ്ങളുടെയും വ്യക്തമായ ലംഘനമാണെന്ന് വ്യക്തമായിട്ടുണ്ട്. ദേശീയ ഉപഭോക്തൃ ഹെൽപ്പ് ലൈനിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി ആരംഭിച്ചത്. സർവീസ് ചാർജ് കൂട്ടിച്ചേർത്ത ഇൻവോയിസുകൾ ഇതിന് തെളിവായി സമർപ്പിക്കപ്പെട്ടു.

വിശദമായ അന്വേഷണത്തിൽ, ഇത്തരം പ്രവൃത്തികൾ 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ വകുപ്പ് 2(47) പ്രകാരം അന്യായമായ വ്യാപാര നടപടികളുടെ ഭാഗമാണെന്ന് കണ്ടെത്തി. സർവീസ് ചാർജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് അതോറിറ്റി പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഡൽഹി ഹൈക്കോടതി 2025 മാർച്ച് 28 ന് ശരിവെച്ചതിനെ തുടർന്നാണ് നടപടി. കോടതി വിധിയിൽ, റെസ്റ്റോറന്റുകൾ നിർബന്ധിത സർവീസ് ചാർജ് ഈടാക്കുന്നത് നിയമവിരുദ്ധമാണെന്ന് വ്യക്തമാക്കി.

എല്ലാ റെസ്റ്റോറന്റ് സ്ഥാപനങ്ങളും അതോറിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നും, നിയമപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള പൂർണ്ണ അധികാരം അതോറിറ്റിക്ക് ഉണ്ടായിരിക്കുമെന്നതും കോടതി വ്യക്തമാക്കിയിരുന്നു. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും നിർബന്ധിത സർവീസ് ചാർജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട അന്യായമായ വ്യാപാര പ്രവർത്തനങ്ങൾ തടയുന്നതിനും ഉപഭോക്തൃ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി, കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി 2022 ജൂലൈ 4 ന് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിരുന്നു.

### ഭക്ഷണ ബില്ലിൽ സ്വയമേവയോ സ്ഥിരമായോ സർവീസ് ചാർജ് ഹോട്ടലുകളും റസ്റ്റോറന്റുകളും ചേർക്കരുത്

സർവീസ് ചാർജ് മറ്റേതെങ്കിലും പേരിൽ ഈടാക്കുന്നത് അനുവദനീയമല്ല. ഉപഭോക്താക്കളെ സർവീസ് ചാർജ് അടയ്ക്കാൻ നിർബന്ധിക്കരുത്. അതു ഉപഭോക്താക്കൾക്ക് തീരുമാനിക്കാവുന്നതാണെന്നും നിർബന്ധിതമല്ലെന്നും വ്യക്തമായി അറിയിക്കണം. സർവീസ് ചാർജ് അടയ്ക്കാൻ വിസമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിനോ സേവനങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തരുത്. സർവീസ് ചാർജ് ബില്ലിൽ ചേർക്കാനും ജിഎസ്ടി ഈടാക്കാനും പാടില്ലെന്നും മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർവീസ് ചാർജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയ ഉപഭോക്തൃ ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന പരാതികൾ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും നിയമം പാലിക്കാത്ത റെസ്റ്റോറന്റുകൾക്കെതിരെ ശക്തവും കർശനവുമായ നടപടി തുടരുമെന്ന് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി വ്യക്തമാക്കി.






## ഇന്നത്തെ പരിപാടികൾ

### നെടുമ്പാശേരി

- **കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ 1 കോർട്ട് യാർഡ്:** കഥകളി വൈകിട്ട് 06 ന്

### പിറവം

- കാഞ്ഞിരമറ്റം പള്ളി : കാഞ്ഞിരമറ്റം പള്ളി ചന്ദനക്കുടം ഉറൂസ് - രാത്രി 7ന്.

### തിരുവൈരാണിക്കുളം

- തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം: ശ്രീപാർവ്വതീദേവിയുടെ നടതുറപ്പ് മഹോത്സവം - പുലർച്ചെ 4 മണി മുതൽ.

### കല്ലൂർ

- കല്ലൂർ മന അന്തിമഹാകാളൻ ക്ഷേത്രം - താലപ്പൊലി മഹോത്സവം - തിരുവാതിരക്കളി, കൈകൊട്ടിക്കളി, കഥാപ്രസംഗം, ഡാൻസ് - വൈകീട്ട് 7 മണി മുതൽ.



# സർഗോൽസവം ഭാവന 2026 നടന്നു

**കൊച്ചി:** ഭിന്നശേഷിക്കാരായ കുട്ടികൾക്കായി റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സംഘടിപ്പിച്ച സർഗോൽസവം ഭാവന 2026 ൽ മാനസിക ഭിന്നശേഷി വിഭാഗത്തിൽ കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ, അടിമാലിഓവറോൾ ചാമ്പ്യന്മാരായി. ശാരീരിക ഭിന്നശേഷി വിഭാഗത്തിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിഫറന്റ്ലി എബിൽഡ്, തോപ്പുംപടി ഓവറോൾ ചാമ്പ്യൻമാരായി, ബധിര മൂക ഭിന്നശേഷി വിഭാഗത്തിൽ ഫാദർ അഗോസ്റ്റിനോ വിചിനി സ്പെഷ്യൽ സ്കൂൾ, മുണ്ടൻവേലി ഓവറോൾ ചാമ്പ്യൻമാരായി. മാനസിക ഭിന്നശേഷി വിഭാഗത്തിൽ കരുണ സ്പെഷ്യൽ സ്കൂൾ, നായരമ്പലം രണ്ടാം സ്ഥാനവും ഹോം ഓഫ് ഫെയ്ത്ത്, ചിറ്റേത്തുകര മൂന്നാം സ്ഥാനവും നേടി. ശാരീരിക ഭിന്നശേഷി വിഭാഗത്തിൽ ഡെയർ സ്കൂൾ, മൂന്നാർ രണ്ടാം സ്ഥാനവും അസ്സിസി സ്പെഷ്യൽ സ്കൂൾ, പാണാവള്ളി, ചേർത്തല, മൂന്നാം സ്ഥാനവും നേടി. ബധിര മൂക ഭിന്നശേഷി വിഭാഗത്തിൽ സെന്റ് ക്ലെയർ ഓറൽ സ്കൂൾ ഫോർ ദ ഡെഫ്, കാലടി രണ്ടാം സ്ഥാനവും ഡെയർ സ്കൂൾ, മൂന്നാർ മൂന്നാം സ്ഥാനവും നേടി. ഹൈക്കോടതി ജസ്റ്റിസ് ബെച്ചു കുര്യൻ, ആർ സി ഐ പ്രസിഡണ്ട് മനോജ് കുമാർ, ഭാവന ചെയർപേഴ്സൺ ലിജി എബ്രഹാം, റോട്ടറി ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർ പ്രഹർഷ്, കാക്കനാട് രാജഗിരി ക്രിസ്തുജയന്തി പബ്ലിക് സ്കൂൾ ഡയറക്ടർ ഫാദർ വർഗീസ് പുതുശ്ശേരി (സി.എം.ഐ) എന്നിവർ ചേർന്ന് കലോൽസവം ഉദ്ഘാടനം ചെയ്തു.കാക്കനാട് രാജഗിരി ക്രിസ്തുജയന്തി പബ്ലിക്ക് സ്കൂളിൽ നടന്ന ചടങ്ങിൽ റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ പ്രസിഡന്റ് മനോജ് കുമാർ അധ്യക്ഷത വഹിച്ചു. റോട്ടറി അസിസ്റ്റന്റ് ഗവർണർ പ്രഹർഷ്, ഫാദർ വർഗീസ് പുതുശ്ശേരി, ഭാവന ചെയർപേഴ്സൺ ലിജി എബ്രാഹം, കൊച്ചിൻ ഇന്റർനാഷണൽ മുൻ പ്രസിഡന്റ് മദൻ ജെറോം തുടങ്ങിയവർ പ്രസംഗിച്ചു. ആർ സി ഐ ഭാവന അവാർഡ് 2026 ഡോക്ടർ മേരി അനിതക്കും (സോഷ്യൽ റീഫോർമർ), ധന്യ രവിക്കും (ഡിസബിലിറ്റി ഇവാഞ്ചലിസ്റ്റ്) ചടങ്ങിൽ സമ്മാനിച്ചു. കേരളത്തിലെ 40 സ്പെഷൽ സ്കൂളുകളിൽ നിന്നും 1500ലേറെ വിദ്യാർഥികളും 500ൽപരം അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്ത ആർ സി ഐ ഭാവന സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള ഏക മുഴുനീള കലോൽസവമാണ്.

# നാഗേഷ് ട്രോഫി: കേരളം സൂപ്പർ എട്ടിൽ

**കൊച്ചി** കാഴ്ച്ചപരിമിതരുടെ ദേശീയ ക്രിക്കറ്റ് ടൂർണ്ണമെന്റായ നാഗേഷ് ട്രോഫിക്കുള്ള സൂപ്പർ എട്ടിൽ കേരളവും സ്ഥാനം കണ്ടെത്തി. എലിമിനേറ്റർ റൗണ്ടിൽ ഗോവയെ 15 റൺസിന് പരാജയപ്പെടുത്തിയാണ് കേരളം സൂപ്പർ എട്ടിൽ സ്ഥാനം നേടിയത്. അങ്കമാലി ബൗണ്ടറി ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്യ്ത കേരളം 20 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 173 റൺസെടുത്തു. കേരളത്തിന് വേണ്ടി 64 റൺസെടുത്ത സ്നേഹിതാണ് ടോപ്പ് സ്കോറർ. 42 റൺസെടുത്ത കെ.ബി സായന്തും , 23 പന്തിൽ നിന്നും 29 റൺസെടുത്ത പി. അർജുനും മികച്ച പ്രകടനം നടത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഗോവക്ക് 20 ഓവറിൽ 158 റൺസെടുക്കാനേ സാധിച്ചുള്ളൂ. ബൗളിങ്ങിലും മികച്ച പ്രകടനം കാഴ്ച്ച വെച്ച സായന്ത് കെ ബിയാണ് പ്ലെയർ ഓഫ് ദി മാച്ച്. കേരളത്തിന് വേണ്ടി സായന്ത് 2 വിക്കറ്റ് വീഴ്ത്തി.ഗ്രൂപ്പ് മത്സരങ്ങളിൽ ക്വാളിഫൈ ചെയ്യാത്തതിനെ തുടർന്നാണ് കേരളത്തിന് എലിമിനേറ്റർ റൗണ്ടിൽ മത്സരിക്കേണ്ടി വന്നത്. ആറ് ഗ്രൂപ്പുകളിലായി നടന്ന ഗ്രൂപ്പ് മത്സരങ്ങളിൽ കേരളം എട്ടാം സ്ഥാനത്തായിരുന്നു. അടുത്ത മാസം 9 മുതൽ 13 വരെ ഡെൽഹിയിലാണ് സൂപ്പർ 8 മത്സരങ്ങൾ.

## സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. ജനുവരി 16ന് വാഴയിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളിലും ജനുവരി 22ന് കൂൺ കൃഷിയിലുമാണ് പരിശീലനം. കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക്, 9072600771.



# പ്രാണാസെൻസ് പുതിയ ചുവടുവയ്പ്പുമായി ചിന്മയ വിശ്വവിദ്യാപീഠം

**കൊച്ചി:** ആരോഗ്യമേഖലയ്ക്ക് മുതൽക്കൂട്ടാകുന്ന പുതിയ കണ്ടുപിടുത്തിലേയ്ക്കുള്ള ചുവടുവയ്പ്പുമായി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല. യോഗയും നിർമിത ബുദ്ധിയും സംയോജിപ്പിച്ച് വ്യക്തികളുടെ മാനസികസമ്മദ്ദം ലഘുകരിക്കാനുതകുന്ന പ്രാണാസെൻസ് എന്ന് പുതിയ പരീക്ഷണത്തിന് സർവകലാശാല തുടക്കമിടുന്നത്. പദ്ധതി സംബന്ധിച്ച് പൂണെ ആസ്ഥാനമായുള്ള വിർചാൽ സെൻസ് ഗ്ലോബൽ ടെക്ക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി സർവകലാശാല ധാരണാപത്രം ഒപ്പിട്ടു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.ടി. അശോകന്റെ സാന്നിധ്യത്തിൽ സർവകലാശാല രജിസ്ട്രാർ ഡോ.പി.രാജേന്ദ്രനും വിർചാൽ സെൻസ് ഗ്ലോബൽ ടെക്ക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സഹസ്ഥാപകനും, ചീഫ് സൈന്റിഫ്ക്ക് ഓഫിസറുമായ ഡോ. ശീതൾ കുമാർ സമ്പാദും തമ്മിലാണ് ധാരാണാപത്രം ഒപ്പുവച്ചത്. സർവകലാശാലയിലെ ഐ.കെ.എസ് സി.കെ.എസ് സെന്ററിന്റെ ആദ്യത്തെ പദ്ധതിയാണിത്. ഓരോ വ്യക്തിയുടെയും മാനസിക സമ്മർദത്തിന്റെ തോത് കൃത്യമായി നിരീക്ഷിച്ച് മാനസിക സമ്മർദം കുറയ്ക്കുന്നതിന് ഉചിതമായ പ്രാണായാമം നിർദ്ദേശിക്കുന്ന നിർമിത ബുദ്ധി അടിസ്ഥാനമാക്കിയ ഉപകരണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്ക്നോളജിയുടെ പിന്തുണയോടെയാണ് പുതിയ ചുവടുവയ്പ്പിന് അരങ്ങൊരുങ്ങുന്നത്. പ്രശസ്ത മനശാസ്ത്രജ്ഞനും സർവകലാശാലയിലെ ഐ.കെ.എസ് സി.കെ.എസ് സെന്റർ ഡയറക്ടറുമായ പ്രൊഫ. രമേഷ് പട്നിയാണ് പ്രാണാസെൻസ് എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്. സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെകക്നോളജിയുടെ പ്രിൻസിപ്പൽ ഡോ. ആനന്ദ് ഹരീന്ദ്രൻ, അസിസ്റ്റന്റ് ഡീൻ ഡോ. അനുപമ ജിംസ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പദ്ധതിയുമായി നിർമിത ബുദ്ധിയെ സംയോജിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടക്കുന്നത്. അസിസ്റ്റന്റ് പ്രൊഫസർ അതുൽ രവിയും സാങ്കതിക പിന്തുണയുമായി ഒപ്പമുണ്ട്. പ്രാണാസെൻസ് യാഥാർഥ്യമാകുന്നതോടെ ആരോഗ്യമേഖലയിൽ വലിയൊരു മാറ്റത്തിന് സർവകലാശാല തുടക്കമിടുമെന്ന് ചടങ്ങിൽ വൈസ് ചാൻസിലർ പ്രൊഫ. ടി.അശോകൻ പറഞ്ഞു.



# ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽന്റെ ഉദ്ഘാടനം മുൻ ലയൺസ് ക്ലബ് ഇന്റർനാഷണൽ ഡയറക്ടർ വി.പി നന്ദകുമാർ നിർവഹിച്ചു. എം.സി.പി കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറും, ഐ.സി.എൽ ഫിൻകോർപ് സി.എം.ഡിയും മുൻ ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണ്ണറുമായ അഡ്വ. കെ.ജി അനിൽകുമാർ മുഖ്യാതിഥിയായിരുന്നു. ഐ.സി.എൽ ഫിൻകോർപ് സി.ഇ.ഒയും, ലയൺസ് ക്ലബ് ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണറുമായ ഉമ അനിൽകുമാർ സമ്മേളനവും ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ ഭാരവാഹികളുടെ ഇൻസ്റ്റലേഷൻ, ഇൻക്ഷൻ സെറിമണി, ചാർട്ടർ പ്രസന്റേഷൻ എന്നിവ മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ജെയിംസ് വളപ്പിലയും ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബ് പ്രസിഡന്റ് സി.ജെ ആന്റോ അധ്യക്ഷത വഹിച്ചു. വൈസ് ഡിസ്ട്രിക്ട് ഗവർണ്ണർ സുരേഷ് കെ. വാര്യർ, ജി.എൽ.ടി ഡിസ്ട്രിക്ട് കോഡിനേറ്റർ അഡ്വ. ജോൺ നിധിൻ തോമസ്, സോൺ ചെയർമാൻ ഹാരിഷ് പോൾ, ഗൈഡിംഗ് ഷാജൻ ചക്കാലക്കൽ എന്നിവർ പങ്കെടുത്തു. ലയൺസ് ക്ലബ് ഓഫ് ഐ.സി.എൽ പ്രസിഡന്റ് സാം എസ്.മാളിയേക്കൽ മറുപടി പ്രസംഗം നടത്തി. സെക്രട്ടറി ടി.ജി ബാബു സ്വാഗതവും, ട്രഷറർ രാമചന്ദ്രൻ നന്ദിയും പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നിർമലയിൽ പൂർവ വിദ്യാർഥി മഹാസംഗമം നടത്തി

**മൂവാറ്റുപുഴ:** നിർമലാ കോളേജിൽ പൂർവ വിദ്യാർഥി മഹാസംഗമം സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടത്തിയ പൂർവ വിദ്യാർഥി സമ്മേളനം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വിവിധ വിഭാഗങ്ങളിലെ പൂർവ്വ വിദ്യാർഥികളുടെയും ഗുരുശ്രേഷ്ഠരുടെയും വിപുലമായ ഒത്തുചേരലാണ് സമ്മേളനം സാക്ഷ്യം വഹിച്ചത്. പൂർവ്വ വിദ്യാർഥി അസോസിയേഷൻ പ്രസിഡന്റ് ഡോ. തോമസ് കെ വി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

പരിപാടിയിൽ സുവർണ ജൂബിലി നിറവിലുള്ള 1976 ബാച്ചിലെ വിദ്യാർഥികളെ പ്രത്യേകം ആദരിച്ചു. 300 ൽ പരം പൂർവ്വ വിദ്യാർഥികളും അധ്യാപകരും സമ്മേളനത്തിൽ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ ജസ്റ്റിൻ കെ കുര്യാക്കോസ്, പെരുമ്പാവൂർ എം എൽ എയും കോളേജ് പൂർവ്വ വിദ്യാർഥിയുമായ എൽദോസ് കുന്നപ്പിള്ളി, മൂവാറ്റുപുഴ നഗരസഭാ ചെയർപേഴ്സൺ ജോയിസ് മേരി ആന്റണി, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽ ഡോ. സോണി കുര്യാക്കോസ്, പൂർവ്വ വിദ്യാർഥി അസോസിയേഷൻ അഡ്വൈസർ തോമസ് മാത്യു പാറയ്ക്കൽ, ജനറൽ കൺവീനർ അഡ്വ തോമസ് മെതിപ്പാറ, പൂർവ്വ വിദ്യാർഥി അസോസിയേഷൻ സെക്രട്ടറി സിസ്റ്റർ ജിന്റോ ജോൺ, ജോയിന്റ് സെക്രട്ടറി ഡോ. മീര ആർ എന്നിവർ പ്രസംഗിച്ചു.



തുടർന്ന് നടന്ന ചടങ്ങിൽ പൂർവ്വ വിദ്യാർഥി അസോസിയേഷൻ ഒരുക്കിയ ന്യൂസ് ലെറ്ററിന്റെ പ്രകാശനം ആവോലി ഗ്രാമപഞ്ചായത്ത് മെമ്പർ വൽസ ജോയി നിർവഹിച്ചു. തുടർന്ന് വിദ്യാർഥികൾ ഒരുക്കിയ കലാപരിപാടികളും, തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയികളായവർക്കുള്ള ആദരവും ചടങ്ങിൽ നടത്തി. ശേഷം പൂർവ്വ വിദ്യാർഥികൾ തങ്ങളുടെ അനുഭവങ്ങളും പങ്കുവെച്ചു. ഔദ്യോഗിക പരിപാടിക്ക് ശേഷം ഓരോ ബാച്ചിലെ വിദ്യാർഥികൾ അതാത് വിഭാഗങ്ങളിൽ അധ്യാപകരുമായി പ്രത്യേക ഒത്തുചേരലും നടത്തി.




# തലമുറകളുടെ സംഗമവേദിയായി മഹാരാജാസിൽ അധ്യാപക– വിദ്യാർത്ഥി സംഗമം

**കൊച്ചി:** മഹാരാജാസ് കോളേജിന്റെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രസതന്ത്ര വിഭാഗം സംഘടിപ്പിച്ച പൂർവ്വ അധ്യാപക-വിദ്യാർത്ഥി സംഗമം തലമുറകളുടെ സംഗമവേദിയായി മാറി.

1954 ൽ ഡിഗ്രി വിദ്യാർത്ഥികളായിരുന്ന മുതിർന്ന തലമുറ മുതൽ കഴിഞ്ഞ വർഷം പഠിച്ചിറങ്ങിയ പുതിയ തലമുറ വരെയുള്ളവർ മഹാസംഗമത്തിന്റെ ഭാഗമായി. പൂർവവിദ്യാർത്ഥിയും കാൻസർ രോഗ വിദഗ്ധനുമായ ഡോ. വി. പി ഗംഗാധരൻ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കലാലയത്തിലെ രസകരമായ ഒരുപാട് ഓർമ്മകൾ അദ്ദേഹം പങ്കുവെച്ചു. മഹാരാജാസിലെ അനുഭവങ്ങളാണ് ജീവിതം പഠിപ്പിച്ചതെന്നും, കരുത്തോടെ മുന്നോട്ട് പോകുവാൻ ഈ അനുഭവങ്ങൾ പ്രചോദനമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് അദ്ദേഹം മൗത്ത് ഓർഗണിലൂടെ മനോഹരമായ ഗാനവും സദസുമായി പങ്കുവെച്ചു. വി. എസ്. എസ്. സി ഡെപ്യൂട്ടി ഡയറക്ടർ ആയി വിരമിച്ച ഡോ. കെ. എൻ നൈനാൻ തന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് മഹാരാജാസ് തന്നെ എങ്ങനെ സ്വാധീനിച്ചു എന്നും വിവരിച്ചു. മുതിർന്ന അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സാന്നിധ്യത്താൽ ഗൃഹതുരത്വത്തിന്റെയും സൗഹൃദത്തിന്റെയും മധുരം പങ്കിടുന്ന വേദിയായി മഹാസംഗമം മാറി. പരിപാടിയിൽ എത്തിച്ചേർന്ന മുതിർന്ന അധ്യാപകരെയും പൂർവ്വ വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിച്ചു. അലുംമിനി അസോസിയേഷൻ എല്ലാവർഷവും നൽകുന്ന എൻഡോവ്മെന്റുകളുടെ വിതരണവും ഇതോടൊപ്പം നടന്നു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജി. എൻ പ്രകാശ് അധ്യക്ഷനായി. വകുപ്പ് മേധാവി ഡോ. കെ. ഫെമിന, ഡോ. പി. എസ് അജിത, ഡോ. അഞ്ജലി, പ്രൊഫസർ രാമൻ മേനോൻ, ഗവേണിഗ് ബോഡി മെമ്പർ ഡോ. എം. എസ് മുരളി, അലുമിനി അസോസിയേഷൻ കോ-ഓഡിനേറ്റർ ഡോ. നീന ജോർജ് എന്നിവർ പങ്കെടുത്തു. വിദ്യാർഥികളുട വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരളത്തിലെ യുവതീ യുവാക്കളിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000 രൂപ സ്കോളർഷിപ്പ് നൽകുന്ന മുഖ്യമന്ത്രിയുടെ 'കണക്ട് ടു വർക്ക്' പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. www.eemployment.kerala.gov.in പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്. പ്രായം: 18-30 വരെ.

കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. പ്ലസ്ടു/വി. എച്ച്. എസ്. സി/ഐ.ടി.ഐ/ഡിപ്ലോമ/ഡിഗ്രി വിജയത്തിന് ശേഷം വിവിധ ജോലികൾക്ക് വേണ്ടിയോ/മത്സര പരീക്ഷകൾക്ക് വേണ്ടിയോ തയ്യാറെടുക്കുന്നവർക്ക് അപേക്ഷിക്കാം. നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലന സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്/ സത്യവാങ്മൂലം, മത്സര പരീക്ഷക്ക് തയ്യാറെടുക്കുന്നവർ മത്സര പരീക്ഷയ്ക്ക് അപേക്ഷിച്ച വിവരം എന്നിവ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484-2422458.

## സ്പോർട്സ് സ്കോളർഷിപ്പ്

**കൊച്ചി:** കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം അംഗീകരിച്ച ദേശീയ/ അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത കരസേനയിൽ നിന്നും വിരമിച്ച വിമുക്തഭടന്മാരുടെ ആശ്രിതർക്ക് സ്പോർട്സ് സ്കോളർഷിപ്പ് നൽകുന്നു. ഫോൺ: 0484-2422239.

## ആദ്യ സപ്ലൈകോ സിഗ്നേച്ചർ മാർട്ട് പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** സംസ്ഥാനത്തെ സ്വകാര്യ സൂപ്പർ മാർക്കറ്റുകളിലൂടെയും, ഗൾഫ് രാജ്യങ്ങളിലും സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള നടപടികളെടുത്തുവരികയാണെന്ന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി. ആർ. അനിൽ .

സപ്ലൈകോയുടെ സംസ്ഥാനത്തെ ആദ്യ സിഗ്നേച്ചർ മാർട്ട് തലശ്ശേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം . തലശ്ശേരിയിലെ ഹൈപ്പർമാർക്കറ്റാണ് ആധുനിക രീതിയിലുള്ള ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്ന സിഗ്നേച്ചർ മാർട്ടായി ഉയർത്തിയത്. പുതിയ കാലത്തിനനുസരിച്ച് സപ്ലൈകോ വിൽപ്പനശാലകളും പരിഷ്കരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. കോർപ്പറേറ്റ് രീട്ടെയിൽ വിൽപ്പനശാലകളോട് കിടപിടിക്കുന്ന രീതിയിലുള്ള സൗകര്യങ്ങൾക്കു പുറമേ , സിഗ്നേച്ചർമാർട്ടിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കുറവും ഉണ്ടായിരിക്കും. ഓരോ ജില്ലയിലും ഒരു സിഗ്നേച്ചർ മാർട്ട് വീതം സ്ഥാപിക്കാനാണ് സപ്ലൈകോ പദ്ധതിയിടുന്നത്. ഗ്ലോബൽ ഇന്നവേറ്റീവ് ടെക്നോളജീസ് എന്ന ഏജൻസി ഡിസൈൻ ചെയ്ത തലശ്ശേരിയിലെ സിഗ്നേച്ചർ മാർട്ട് സപ്ലൈകോ യാഥാർത്ഥ്യമാക്കിയത് ടീം തായിയുടെ സഹകരണത്തോടെയാണ്. 40 ലക്ഷത്തോളം കുടുംബങ്ങളാണ് സംസ്ഥാനത്ത് പ്രതിമാസം സപ്ലൈകോയെ ആശ്രയിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ തലശ്ശേരി നഗരസഭ ചെയർമാൻ കാരായി ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു. ആദ്യ വിൽപ്പനയും അദ്ദേഹം നിർവഹിച്ചു. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ വി എം ജയകൃഷ്ണൻ, തലശ്ശേരി നഗരസഭ കൗൺസിലർ നൂറ ടീച്ചർ, സപ്ലൈകോ കോഴിക്കോട് മേഖല മാനേജർ ഷെൽജി ജോർജ് തുടങ്ങിയവർ സംസാരിച്ചു. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളായ കാത്താണ്ടി റസാഖ്, എം.എസ് നിഷാദ്, അബ്ദുൽ റഹീം, ടീം തായി പ്രോജക്ട് മാനേജർ അബ്ദുൽ റഹീം തുടങ്ങിയവർ പങ്കെടുത്തു.

## അഭിമുഖം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോ ഡയഗനോസിസ്, കാർഡിയോതൊറാസിക് & വാസ്കുലാർ സർജറി എന്നീ വിഭാഗങ്ങളിൽ ജൂനിയർ റസിഡന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസ്, റേഡിയോളജി വിഭാഗത്തിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം, ടി സി എം സി രജിസ്ട്രേഷൻ എന്നീ യോഗ്യതയുള്ളവർക്ക് റേഡിയോ വിഭാഗം ജൂനിയർ റസിഡന്റ് തസ്തികയിലേക്കും, എംബിബിഎസ്, ടിസിഎംസി രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് കാർഡിയോതൊറാസിക് & വാസ്കുലാർ സർജറി വിഭാഗം ജൂനിയർ റസിഡൻറ് തസ്തികയിലേക്കും അപേക്ഷിക്കാം. താല്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ജനുവരി 19 രാവിലെ 11:30ന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിന് സമീപമുള്ള കൺട്രോൾ റൂമിൽ എത്തിച്ചേരേണ്ടതാണ്. രജിസ്ട്രേഷൻ അന്നേദിവസം രാവിലെ 11 മുതൽ 11.30 വരെ ആയിരിക്കും. ഫോൺ: 0484 2754000




# ടോക്സിക് ടീസർ എത്തി

യാഷിന്റെ ജന്മദിനത്തിൽ ടോക്സിക്കിന്റെ ടീസർ നിർമ്മാതാക്കൾ റിലീസ് ചെയ്തു. കെ.ജി.എഫ് 2 വിന്റെ ബ്ലോക്ക്ബസ്റ്റർ വിജയത്തിന് ശേഷം നാലു വർഷങ്ങൾക്കു ശേഷമാണ് യാഷിന്റെ ഒരു ചിത്രം റിലീസിനൊരുങ്ങുന്നത്. സഹതിരക്കഥാകൃത്ത്, സഹനിർമ്മാതാവ് എന്നീ നിലകളിൽ, യാഷ് ഈ ചിത്രത്തിലൂടെ വീണ്ടും പരിധികൾ മറികടക്കുന്നു. കഴിഞ്ഞ വർഷം പിറന്നാളിനോട് അനുബന്ധിച്ച് പുറത്തിറങ്ങിയ ആദ്യ സൂചനയെ തുടർന്ന്, ഇപ്പോൾ പുറത്തുവിട്ടിരിക്കുന്ന ഈ വീഡിയോ ടോക്സിക് ലോകത്തെ കൂടുതൽ ആഴത്തിലും വ്യാപ്തിയിലും അവതരിപ്പിക്കുന്നു. ആക്ഷൻ, ദൃശ്യവിസ്മയം, തീവ്രത എന്നിവകൊണ്ട് സമ്പന്നമായൊരു അനുഭവമായി പ്രേക്ഷകർക്ക് തിയേറ്ററിൽ എക്സ്പീരിയൻസ് ചെയ്യാൻ സാധിക്കുന്ന ഒരു ചിത്രമായിരിക്കും ടോക്സിക്. യാഷും ഗീതു മോഹൻദാസും ചേർന്ന് തിരക്കഥ രചിച്ച്, ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ചിത്രം കന്നഡയിലും ഇംഗ്ലീഷിലും ഒരേസമയം ചിത്രീകരിച്ചിട്ടുണ്ട്. ഹിന്ദി, തെലുങ്ക്, തമിഴ്, മലയാളം ഉൾപ്പെടെ നിരവധി ഭാഷകളിൽ ഡബ്ബ് പതിപ്പുകൾ ഒരുക്കുന്ന ചിത്രം, ആഗോള പ്രേക്ഷകരെയാണ് ലക്ഷ്യമിടുന്നത്. സാങ്കേതികമായി ശക്തമായ ടീമും ചിത്രത്തിനുണ്ട്. ദേശീയ അവാർഡ് ജേതാവായ രാജീവ് രവി (ഛായാഗ്രഹണം), രവി ബസ്രൂർ (സംഗീതം), ഉജ്വൽ കുൽക്കർണി (എഡിറ്റിംഗ്), ടി.പി. അബിദ് (പ്രൊഡക്ഷൻ ഡിസൈൻ). ആക്ഷൻ രംഗങ്ങൾ ഹോളിവുഡ് ആക്ഷൻ ഡയറക്ടർ ജെ.ജെ. പെറി (ജോൺ വിക്ക്), ദേശീയ അവാർഡ് ജേതാക്കളായ അൻപറിവ് ഒപ്പം കേചഖംഫാക്ഡി എന്നിവർ ചേർന്നാണ് ഒരുക്കുന്നത്. വെങ്കട് കെ. നാരായണയും യാഷും ചേർന്ന് കെവിഎൻ പ്രൊഡക്ഷൻസ്, മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസ് എന്നീ ബാനറുകളിൽ നിർമ്മിക്കുന്ന ടോക്സിക്, 2026 മാർച്ച് 19ന് ലോകമെമ്പാടുമുള്ള തിയറ്ററുകളിൽ റിലീസ് ചെയ്യും. പി.ആർ.ഓ : പ്രതീഷ് ശേഖർ.

# സ്പാ




എബ്രിഡ് ഷൈൻ സംവിധാനം ചെയ്യുന്ന സ്പാ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. ആകർഷണീയതയും നിഗൂഢതയും കുറച്ചധികം ആകാംക്ഷയും ഉണർത്തിയാണ് സ്പായുടെ ടൈറ്റിൽ പോസ്റ്റർ അവതരിപ്പിച്ചതെങ്കിൽ ഫസ്റ്റ് ലുക്ക് പോസ്റ്ററിൽ ഇത്തിരി ദുരൂഹത കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. തോക്ക് ചൂണ്ടി നിൽക്കുന്ന ശ്രുതി മേനോൻ, ആരും എന്നെ തിരിച്ചറിയല്ലേ എന്ന് കരുതി നിൽക്കുന്ന സിദ്ധാർത്ഥ് ഭരതൻ, സ്പായുടെ സുഖത്തിൽ ഇരിക്കുന്ന മേജർ രവി, അയ്യയ്യേ ഭാവത്തിൽ നിൽക്കുന്ന ശ്രീകാന്ത് മുരളി, വില്ലൻ ആണെന്ന് ഉറപ്പിച്ചുകൊണ്ട് അശ്വിൻ കുമാർ, വരണം സാറേ മട്ടിൽ വിനീത് തട്ടിലും., പിന്നെ കിച്ചു ടെല്ലസ്, പ്രശാന്ത് മേനോൻ, ദിനേശ് പ്രഭാകർ, രാധിക, തുടങ്ങി നിരവധി താരങ്ങളാണ് ഈ പോസ്റ്ററിലുള്ളത്.

സ്പാറയിൽ ക്രിയേഷൻസ്, സഞ്ജു ജെ ഫിലിംസ് എന്നീ ബാനറിൽ സ്പാറയിൽ സഞ്ജു ജെ എന്നിവർ ചേർന്നാണ് സ്പാ നിർമ്മിക്കുന്നത്. സിദ്ധാർത്ഥ് ഭരതൻ, വിനീത് തട്ടിൽ, പ്രശാന്ത് അലക്സാണ്ടർ, മേജർ രവി, വിജയ് മേനോൻ, ദിനേശ് പ്രഭാകർ, അശ്വിൻ കുമാർ, ശ്രീകാന്ത് മുരളി, കിച്ചു ടെല്ലസ്,ജോജി കെ ജോൺ,സജിമോൻ പാറയിൽ, എബി, ഫെബി,മാസ്ക് മാൻ, ശ്രുതി മേനോൻ, രാധിക രാധാകൃഷ്ണൻ,ശ്രീജ ദാസ്, പൂജിത മേനോൻ, റിമ ദത്ത, ശ്രീലക്ഷ്മി ഭട്ട്, നീന കുറുപ്പ്, മേഘ തോമസ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. ഒപ്പം പ്രേക്ഷകരുടെ ആകാംക്ഷ കൂട്ടാൻ ഒരു മാസ്ക് മാൻ കൂടി പ്രത്യക്ഷപ്പെടും. ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ്, സംഗീതം-ഇഷാൻ ഛബ്ര,ഗാനരചന ബി. കെ ഹരിനാരായണൻ, സന്തോഷ് വർമ്മ, ആനന്ദ് ശ്രീരാജ്, എഡിറ്റർ മനോജ്. പ്രൊഡക്ഷൻ കൺട്രോളർ സഞ്ജു ജെ, ഫൈനൽ മിക്സ് എം ആർ രാജകൃഷ്ണൻ, സൗണ്ട് ഡിസൈൻ ആൻഡ് സൗണ്ട് എഡിറ്റിങ് ശ്രീശങ്കർ, പ്രൊഡക്ഷൻ ഡിസൈനർ-ഷിജി പട്ടണം, കോസ്റ്റ്യൂംസ് ഡിസൈൻ സുജിത്ത് മട്ടന്നൂർ. മേക്കപ്പ്-പിവി ശങ്കർ, സ്റ്റണ്ട്-മാഫിയ ശശി, അസോസിയേറ്റ് ഡയറക്ടർ-ആർച്ച എസ്.പാറയിൽ, ഡി ഐ ആക്ഷൻ ഫ്രെയിംസ് മീഡിയ, കളറിസ്റ്റ്- സുജിത്ത് സദാശിവൻ, സ്റ്റിൽസ്-നിദാദ് കെ എൻ,വിഎഫ്എക്സ്-മാർജാര, പബ്ലിസിറ്റി ഡിസൈൻ- ടെൻ പോയിന്റ്. ഡിജിറ്റൽ മാർക്കറ്റിംഗ്- ഒബ്സ്ക്യൂറ എന്റർടൈൻമെന്റ്. പോസ്റ്റ് പ്രൊഡക്ഷൻ പൂർത്തിയാക്കിയ സ്പാ വേൾഡ് വൈഡായി സൈബർ സിസ്റ്റം ഓസ്ട്രേലിയ, റിലീസ് ചെയ്യുമ്പോൾ കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും സ്പാറയിൽ ആന്റ് ചാരിയറ്റ് ആണ് ചിത്രം റിലീസ് ചെയ്യുന്നത്. പി ആർ ഒ എസ് ദിനേശ്.

# വവ്വാൽ




രൗദ്രം എന്നത് ആടുന്ന ആളുടെ മുഖത്ത് പ്രതിധ്വനിക്കുന്ന വികാരത്തിന്റെ ആഴം അനുസരിച്ചു മാറ്റങ്ങൾ ഉണ്ടാകും. വവ്വാൽ എന്ന സിനിമയുടെ ക്യാരക്ടർ പോസ്റ്റർ പുറത്ത് വന്നപ്പോൾ കാണുന്നത് മകരന്ദ് ദേശ്പാണ്ഡെയുടെ രൗദ്രത്തിന്റെ അതി തീവ്രമായ ഭാവമാണ്. ബോളിവുഡിൽ നിന്നും ഒരു ആക്ടർ എന്തിനാണ് ഈ സിനിമയിലേക്ക് കാസ്റ്റ് ചെയ്തത് എന്ന് ഈ ഒറ്റ പോസ്റ്ററിൽ നിന്നും തന്നെ വ്യക്തം. ഷഹ്മോൻ ബി പറേലിൽ കഥയും തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ മകരന്ദ് ദേശ്പാണ്ഡെ, അഭിമന്യു സിംഗ്, ലെവിൻ സൈമൺ, മുത്തു കുമാർ, ലക്ഷ്മി ചപോർക്കർ, മണികണ്ഠൻ ആചാരി, സുധി കോപ്പ, ദിനേശ് ആലപ്പി, പ്രവീൺ ടി ജെ, മെറിൻ ജോസ്, ഗോകുലൻ, മൻരാജ്, ജോജി കെ ജോൺ, ഷഫീഖ്, ജയശങ്കർ കരിമുട്ടം, ശ്രീജിത്ത് രവി തുടങ്ങി മുപ്പതിൽപരം താരങ്ങൾ അണിനിരക്കുന്നു.

ഓൺഡിമാൻഡ്സിന്റെ ബാനറിൽ ഷാമോൻ പി.ബി നിർമിക്കുന്ന ചിത്രത്തിന്റെ കോ-പ്രൊഡ്യൂസർ സുരീന്ദർ യാദവാണ്. ഛായാഗ്രഹണം-മനോജ് എം ജെ, പ്രൊഡക്ഷൻ ഡിസൈനർ-ജോസഫ് നെല്ലിക്കൽ, എഡിറ്റർ-ഫാസിൽ പി ഷഹ്മോൻ, സംഗീതം ജോൺസൺ പീറ്റർ, ഗാനരചന പി ബി എസ്, സുധാംശു, റീ-റെക്കോർഡിങ് മിക്സർ ഫസൽ എ ബക്കർ, പ്രൊഡക്ഷൻ കൺട്രോളർ-അനിൽ മാത്യു, മേക്കപ്പ്-സന്തോഷ് വെൺപകൽ, കോസ്റ്റ്യൂം ഡിസൈനർ- ഭക്തൻ മങ്ങാട്, കോറിയോഗ്രാഫി -അഭിലാഷ് കൊച്ചി, കളറിസ്റ്റ് -ലിജു പ്രഭാകർ, സംഘട്ടനം -നോക്കൗട്ട് നന്ദ, ചീഫ് അസോസിയേറ്റ് ആഷിഖ് ദിൽജിത്ത്, പി.ആർ.ഒ- എ എസ് ദിനേശ്, സതീഷ് എരിയാളത്ത്, ഗുണ, സ്റ്റിൽസ് രാഹുൽ തങ്കച്ചൻ, ഡിജിറ്റൽ മാർക്കറ്റിംഗ് ഒപ്പറ, ഹോട്ട് ആന്റ് സോർ, ഡിസൈൻ കോളിൻസ് ലിയോഫിൽ.

# പുഷ്പാംഗദന്റെ ഒന്നാം സ്വയംവരം

ചീങ്കല്ലേൽ ഫിലിംസിന്റെ ബാനറിൽ ജോസ് കൂട്ടക്കര നിർമ്മിച്ച് സുരേന്ദ്രൻ പയ്യാനക്കൽ തിരക്കഥ എഴുതി സംവിധാനം ചെയ്യുന്ന പുഷ്പാംഗദന്റെ ഒന്നാം സ്വയംവരം എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ, ചലച്ചിത്ര താരം സുധീഷ് തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ റിലീസ് ചെയ്തു. ഒരു കല്യാണവീട്ടിൽ നടക്കുന്ന മനോഹരമായ രസക്കാഴ്ചകളും അതോടൊപ്പം തന്നെ അൽപ്പം നൊമ്പരം ഉണർത്തുന്ന ജീവിതത്തിന്റെ നേർക്കാഴ്ചകളുമാണ് ട്രെയിലറിൽ കാണുന്നത്.




കോമഡി റൊമാന്റിക് ജോണറിൽ വയനാടിന്റെ പശ്ചാത്തലത്തിൽ പൂർണമായും ചിത്രീകരിച്ച ഈ സിനിമയിൽ ഉണ്ണിരാജ, സി.എം ജോസ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഗിനീഷ് ഗോവിന്ദ്, രമേഷ് കാപ്പാട്, റോയ് പുനലൂർ, സുരേഷ് മഞ്ഞപ്പാലം, ഷിജിത്ത് മണവാളൻ, ജലജാ റാണി, നിധിഷ കണ്ണൂർ, നിമിഷ ബിജോ, കൃഷ്ണപ്രിയ, വിലു ജനാർദ്ദനൻ, പ്യാരിജാൻ, കൃഷ്ണ ബാലുശ്ശേരി, ഷെറിൻ തോമസ്, റീന തുടങ്ങിയവരാണ് മറ്റു നടീനടന്മാർ. അഷ്റഫ് പാലാഴി ഛായാഗ്രഹണവും എഡിറ്റിംഗും നിർവ്വഹിക്കുന്നു. ഗിരീഷ് ആമ്പ്ര, അഡ്വക്കേറ്റ് ശ്രീരഞ്ജിനി എന്നിവർ എഴുതിയ വരികൾക്ക് ശ്രീജിത്ത് റാം സംഗീതം പകർന്നു. രാജേഷ്,നിഷാദ്, അമല റോസ് ഡൊമിനിക് എന്നിവരാണ് ഗായകർ. പ്രൊഡക്ഷൻ കൺട്രോളർ -രൂപേഷ് വെങ്ങളം, ആർട്ട്-വിനയൻ വള്ളിക്കുന്ന്, മേക്കപ്പ്-പ്യാരി ജാൻ പാരിസ് മേക്ക് ഓവർ, കോസ്റ്റ്യൂം ഡിസൈനർ-രാജൻ തടായിൽ, അസ്സോസിയേറ്റ് ഡയറക്ടർ-ഹാഷിം സക്കീർ നീലാടൻ, രാഹുൽ ആർ ടി പി, പശ്ചാത്തല സംഗീതം- ശ്രീജിത്ത് റാം, പ്രൊഡക്ഷൻ മാനേജർ-രാജീവ് ചേമഞ്ചേരി, വിഷ്ണു ഒ.കെ, സ്റ്റുഡിയോ-മലയിൽ ഫിലിം സ്റ്റുഡിയോ എറണാകുളം, സ്റ്റിൽസ്-കൃഷ്ണദാസ് വളയനാട്, ഡിസൈൻസ്- സുജിബാൽ, വിതരണം-മൂവി മാർക്ക് റിലീസ്. ജനുവരി പതിനാറിന് 'പുഷ്പാംഗദന്റെ ഒന്നാം സ്വയംവരം' പ്രദർശനത്തിനെത്തും പി.ആർ.ഒ എ.എസ് ദിനേശ്, മനു ശിവൻ.




# ഫിഫ ലോകകപ്പ് ട്രോഫിയുടെ ഇന്ത്യൻ പര്യടനം ഇന്ന് പൂർത്തിയാകും

**കൊച്ചി:** ഫിഫ ലോകകപ്പ് ട്രോഫിയുടെ ഇന്ത്യയിലെ പര്യടനം ഇന്ന് പൂർത്തിയാകും. ഫിഫ ലോകകപ്പ് 2026ന് മുന്നോടിയായി നടക്കുന്ന ഫിഫ ലോകകപ്പ് ട്രോഫി ടൂർ ബൈ കൊക്കാകോളയുടെ ഭാഗമായാണ് യഥാർത്ഥ ട്രോഫി ഇന്ത്യയിലെത്തിയത്. ഫിഫ ചാർട്ടർ വിമാനത്തിലെ പ്രത്യേക ലാൻഡിംഗോടെയാണ് ട്രോഫി ടൂറിന് തുടക്കമായത്. തുടർന്ന് ഡൽഹിയിലെ മാൻ സിംഗ് റോഡിലെ താജ് മഹൽ ഹോട്ടലിൽ നടന്ന ചടങ്ങിൽ ഔദ്യോഗികമായി ട്രോഫി അനാവരണം ചെയ്തു. കേന്ദ്ര യുവജനകാര്യകായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ, ബ്രസീലിന്റെ മുൻ ലോകകപ്പ് ജേതാവും ഫിഫ ഇതിഹാസവുമായ ഗിൽബർട്ടോ ഡിസിൽവ, കായിക ചരിത്രകാരൻ ബോറിയ മജുംദാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൊക്കാകോള ഇന്ത്യ-സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റ് സങ്കേത് റേ ഉൾപ്പെടെയുള്ള ഉന്നത നേതൃത്വവും സന്നിഹിതരായിരുന്നു.

മൂന്നു ദിവസം നീളുന്ന ഇന്ത്യയിലെ പര്യടനം രണ്ടു ദിവസത്തെ ഡൽഹിയിലെ പ്രദർശനത്തിനു ശേഷം ഇന്ന് ആസാമിലെ ഗുവാഹത്തിയിൽ പൂർത്തിയാകും.

2047ഓടെ ഇന്ത്യയെ ലോകത്തിലെ മുൻനിര അഞ്ചു കായിക രാഷ്ട്രങ്ങളിൽ ഒന്നാക്കി മാറ്റാനുള്ള ലക്ഷ്യത്തോടാണ് ഈ ട്രോഫി ടൂറിൽ ഒത്തുചേരുന്നതെന്ന് ഡൽഹിയിലെ ചടങ്ങിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

ഇന്ത്യയിലെ കായിക രംഗം നിർണായക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് കൊക്കാകോള ഇന്ത്യ-സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റ് സങ്കേത് റേ പറഞ്ഞു. സർക്കാർ നയങ്ങളുടെ പിന്തുണയോടെ കായിക അടിസ്ഥാന സൗകര്യങ്ങളും പങ്കാളിത്തവും വളരുകയാണെന്നും ഫിഫയുമായുള്ള ദീർഘകാല പങ്കാളിത്തത്തിലൂടെ ഇത്തരം ചരിത്ര നിമിഷങ്ങൾ ഇന്ത്യൻ ഉപഭോക്താക്കൾക്ക് അടുത്തെത്തിക്കാൻ സാധിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

കൊക്കാകോള പങ്കാളിത്തത്തിന്റെ ഭാഗമായാണ് 50 വർഷത്തിലധികം പഴക്കമുള്ള ഫിഫ-ട്രോഫി ടൂർ സംഘടിപ്പിക്കുന്നത്. ലോകയാത്രയുടെ ഭാഗമായി ട്രോഫി 30 രാജ്യങ്ങളിലായി 75 കേന്ദ്രങ്ങൾ സന്ദർശിക്കും. 150 ദിവസത്തിലധികം നീളുന്ന യാത്രയിലൂടെ ലോകമെമ്പാടുമുള്ള ആരാധകർക്ക് ട്രോഫി നേരിട്ട് കാണാനുള്ള അവസരം ലഭിക്കും.




# കോഴിക്കറിയുടെ കഥ പറഞ്ഞ് ഈസ്റ്റേണിന്റെ ചിക്കൻ സോങ്

**കൊച്ചി:** ലോക ചിക്കൻ കറി ദിനത്തിൽ മലയാളികളുടെ പ്രിയപ്പെട്ട വിഭവത്തിന് സംഗീതാർച്ചനയുമായി ഈസ്റ്റേൺ. കേരളത്തിന്റെ തനത് രുചി വൈവിധ്യങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കോർത്തിണക്കി 'ചിക്കൻ സോങ്' എന്ന പേരിൽ ഫോക്ക്റോക്ക് മ്യൂസിക് ഫിലിം പുറത്തിറക്കി. പാട്ടിന്റെ പ്രകാശനം മറൈൻ ഡ്രൈവ് വിവാന്തയിൽ നടന്നു.

പിന്നണി ഗായകൻ സൂരജ് സന്തോഷും നടൻ മണിക്കുട്ടനും അണിനിരക്കുന്ന ചിത്രത്തിൽ നാടൻ തനിമയും ആധുനിക താളവും ഒത്തുചേരുന്നു. മൃദുൽ നായർ സംവിധാനം ചെയ്ത ചിത്രത്തിന് മണികണ്ഠൻ അയ്യപ്പയാണ് സംഗീതം നൽകിയിരിക്കുന്നത്. സുഹൈൽ കോയയുടേതാണ് വരികൾ. കേരളത്തിൽ ചിക്കൻ കറി എന്നത് വെറുമൊരു വിഭവമല്ല മറിച്ച് അതൊരു വികാരമാണെന്ന് ഈസ്റ്റേൺ സി.ഇ.ഒ ഗിരീഷ് നായർ പറഞ്ഞു.

മലയാളിയുടെ ദൈനംദിന ജീവിതത്തിലും ആഘോഷങ്ങളിലും ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായ കോഴിക്കറി വിഭവത്തോടുള്ള ആദരമാണ് ഈ സംഗീത ശിൽപ്പം. സാധാരണക്കാരന്റെ പ്രാതൽ മുതൽ വലിയ ആഘോഷങ്ങളിലെ വിരുന്നുകളിൽ വരെ കോഴിക്കറി എങ്ങനെ ഒരു വികാരമായി മാറുന്നു എന്ന് ഈ ലഘുചിത്രം വരച്ചുകാട്ടുന്നു. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രുചിഭാഷയായി ചിക്കൻ കറിയെ അടയാളപ്പെടുത്തുന്ന ചിത്രത്തിൽ ഈസ്റ്റേൺ ചിക്കൻ മസാലയാണ് താരം.

പരമ്പരാഗത പരസ്യരീതികളിൽ നിന്ന് മാറി ഒരു സാംസ്കാരിക കഥാഖ്യാനമാണ് ഈസ്റ്റേൺ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പതിറ്റാണ്ടുകളായി കേരളത്തിലെ അടുക്കളകളുടെ ഭാഗമായ ഈസ്റ്റേൺ ചിക്കൻ മസാലയുടെ പ്രസക്തി സംഗീതത്തിലൂടെ അവതരിപ്പിക്കാനാണ് ശ്രമിച്ചതെന്ന് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പ്രവീൺ രാമസ്വാമി പറഞ്ഞു.

## എഐ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു

**കൊച്ചി:** ഐഐടി ബോംബെ, ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (ജെൻ എഐ) മേഖലയിൽ പുതിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിച്ചു. ടെക്നോക്രാഫ്റ്റ് സെന്റർ ഫോർ അപ്ലൈഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നേതൃത്വത്തിൽ, എഡ്ടെക് പങ്കാളിയായ ഗ്രേറ്റ് ലേണിംഗുമായി സഹകരിച്ചാണ് അഞ്ച് മാസം ദൈർഘ്യമുള്ള ഓൺലൈൻ കോഴ്സ് നടത്തുന്നത്. 2026ൽ ആരംഭിക്കുന്ന കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഐഐടി ബോംബെ അധ്യാപകർ തയ്യാറാക്കിയ പാഠ്യപദ്ധതി, ജെൻ എഐ ആപ്ലിക്കേഷനുകൾ രൂപകൽപ്പന ചെയ്യാനും വിന്യസിക്കാനും ആവശ്യമായ പ്രായോഗിക കഴിവുകൾ നൽകുന്നതാണ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഐഐടി ബോംബെയുടെ സർട്ടിഫിക്കറ്റ് ലഭിക്കും.

സോഫ്റ്റ്വെയർ എഞ്ചിനീയർമാർ, ഡാറ്റ സയന്റിസ്റ്റുകൾ, ടെക്നോളജി പ്രൊഫഷണലുകൾ, സ്റ്റെം ബിരുദധാരികൾ എന്നിവർക്കാണ് പ്രധാനമായും ഈ കോഴ്സ് ലക്ഷ്യമിടുന്നത്. അംഗീകൃത സർവകലാശാലയിൽ നിന്ന് കുറഞ്ഞത് 50% മാർക്കോ തത്തുല്യമായ സിജിപിഎയോ ഉള്ള ഏതെങ്കിലും വിഷയത്തിൽ ബാച്ചിലേഴ്സ് ബിരുദം നേടിയവർക്ക് ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ട്.

## ശിലാസ്ഥാപനം നിർവ്വഹിച്ചു

**കൊച്ചി:** എളംകുളം സെന്റ് മേരീസ് സൂനോറോ സിംഹാസന പള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവായ്ക്ക് സ്വീകരണവും സുവർണ ജൂബിലി സ്മാരക മന്ദിരത്തിന്റെ ശിലാസ്ഥാപനവും നടത്തി. ഉമ തോമസ് എം. എൽ. എ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. കോൺഗ്രിഗേഷൻ പ്രസിഡന്റ് ക്യാപ്റ്റൻ മനോജ് എം. ജേക്കബ് അധ്യക്ഷത വഹിച്ചു. വികാരി ഫാ. സാംസൺ മേലോത്ത് മുഖ്യപ്രഭാഷണം നടത്തി. കൗൺസിലർ പി. ഡി മാർട്ടിൻ, മുൻമന്ത്രി ഡൊമിനിക് പ്രസന്റേഷൻ സെക്രട്ടറി ഇ. എ വർഗീസ് , ജോൺസൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. സൂനോറോ പള്ളി അംഗങ്ങളായ, 2026 ഡാക്കർ യൂത്ത് ഒളിമ്പിക്സിന് വേണ്ടി ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി) ആഗോളതലത്തിൽ നടത്തിയ മെഡൽ ഡിസൈനിംഗ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ എലിശുബാ ജോ എബ്രഹാമിനെയും 'മഹാകവി ഉള്ളൂർ സാഹിത്യ ചരിത്രത്തിലെ ഭാസുര നക്ഷത്രം' എന്ന ഗ്രന്ഥം പ്രഫ. എം. കെ സാനുവുമായി ചേർന്ന് എഴുതിയ ഡോ. ടി. എസ് ജോയിയെയും ചടങ്ങിൽ ആദരിച്ചു

## നിയോലൈറ്റ് സെഡ്കെഡബ്ല്യു ലൈറ്റിംഗ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഓട്ടോമോട്ടീവ് ലൈറ്റിങ് ഉൽപ്പന്നങ്ങളുടെ മുന്നിര നിർമ്മാതാക്കളും ആഗോള വിതരണക്കാരുമായ നിയോലൈറ്റ് സെഡ്കെഡബ്ല്യു ലൈറ്റിംഗ്സ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 600 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 200 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

75 കോടി രൂപയുടെ പ്രീ ഐപിഒ പ്ലേസ്മെൻറിനും കമ്പനിക്ക് പദ്ധതിയുണ്ട്. ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ്, സിസ്റ്റമാറ്റിക്സ് കോർപ്പറേറ്റ് സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ

## ഓബൻ ഇലക്ട്രിക്കിന് അംഗീകാരം

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളിലൊന്നായ ഓബൻ ഇലക്ട്രിക്, സീ ടിവിയിൽ സംപ്രേഷണം ചെയ്യുന്ന സ്റ്റാർട്ടപ്പ് റിയാലിറ്റി ഷോയായ ഐഡിയാബാസ് എന്ന പരിപാടിയിൽ വിജയകഥയായി തിരഞ്ഞെടുക്കപ്പെട്ടു. ചെറിയൊരു ഗാരേജിൽ ആരംഭിച്ച സംരംഭം ഇന്ന് പാൻ ഇന്ത്യ ഇലക്ട്രിക് മൊബിലിറ്റി ബ്രാൻഡായി വളർന്നതിനെക്കുറിച്ചാണ് ഈ അവതരണം ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇൻ ഹൗസ് ആർ ആന്റ് ഡി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഓബൻ ഇലക്ട്രിക്, മധുമിത അഗർവാൾ (ഫൗണ്ടർ ആന്റ് സി.ഇ.ഒ), ദിന്കർ അഗർവാൾ (ഫൗണ്ടർ, സി.ടി.ഒ ആന്റ് സി.ഒ.ഒ), സാഗർ താക്കർ (കോ-ഫൗണ്ടർ ആന്റ് സി.പി.ഒ) എന്നിവരടങ്ങുന്ന വനിതാ നേതൃത്വത്തിലുള്ള സംഘമാണ് സ്ഥാപിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കടലറിവും രുചിയൂറും തനത് വിഭവങ്ങളുമായി ലക്ഷദ്വീപ് മത്സ്യമേള

**കൊച്ചി:** കടലറിവുകളും ലക്ഷദ്വീപിന്റെ പൈതൃകവും സമന്വയിപ്പിച്ച ത്രിദിന മത്സ്യമേളക്ക് കവരത്തിയിൽ തുടക്കം. പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന രുചിയൂറും കടൽ വിഭവങ്ങൾ, നാടൻ ഉൽപന്നങ്ങൾ, കടൽപായലിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ, സാങ്കേതികവിദ്യാ പ്രദർശനം, സാംസ്കാരികോത്സവം തുടങ്ങിയവയാണ് മേളയിലുള്ളത്.

സിഎംഎഫ്ആർഐക്ക് കീഴിലെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിക്കുന്ന മേള വൻജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ലക്ഷദ്വീപിലെ വിവിധ ദീപുകൾ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് മേളയിലെ സന്ദർശകർ. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഉപദേശകൻ ഡോ എസ് ബി ദീപക് കുമാർ മേള ഉദ്ഘാടനം ചെയ്തു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ ബി കെ ബെഹറ അധ്യക്ഷത വഹിച്ചു.

കടൽപായൽ പായസം, മീൻ ചക്കര, നീരാളി ഫ്രൈ, ട്യൂണ (ചൂര) കൊണ്ടുള്ള വിവിധ വിഭവങ്ങൾ, പലതരം നാടൻ പലഹാരങ്ങൾ തുടങ്ങിയവ മേളയിൽ ലഭ്യമാണ്. വിവിധ ദ്വീപുകളിലെ സ്ത്രീ കൂട്ടായ്മകൾ തയ്യാറാക്കിയ വിഭവങ്ങൾ മേളയിൽ ശ്രദ്ധ പിടിച്ചുപറ്റി. മത്സ്യബന്ധന മേഖലയിലെ ആധുനിക ഉപകരണങ്ങൾ, ശീതീകരണ സംവിധാനങ്ങൾ, ശാസ്ത്രീയമായ മത്സ്യകൃഷി രീതികൾ എന്നിവയെക്കുറിച്ചുള്ള പ്രദർശനവും മേളയിലുണ്ട്. മത്സ്യബന്ധന മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട 72 സ്റ്റാളുകളാണ് മത്സ്യമേളയിലുള്ളത്. കടലറിവിനൊപ്പം ലക്ഷദ്വീപിന്റെ തനതായ കലാരൂപങ്ങളും സംഗീത പരിപാടികളുമുണ്ട്. ശാസ്ത്രജ്ഞരും കർഷകരും തമ്മിലുള്ള ആശയവനിമയം, സെമിനാർ എന്നിവയും മേളയുടെ ഭാഗമാണ്.

ഉദ്ഘാടന ചടങ്ങിൽ ജില്ലാ കളക്ടർ ഡോ ഗിരി ശങ്കർ, ഫിഷറീസ് സെക്രട്ടറി രാജ് തിലക്, ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, സിഐഎഫ്ടി ഡയറക്ടർ ഡോ ജോർജ് നൈനാൻ, ഡോ. വി വെങ്കടസുബ്രമണ്യൻ, കെവികെ മേധാവി ഡോ. പിഎൻ ആനന്ദ് തുടങ്ങിയവർ പ്രസംഗിച്ചു.

## മികച്ച 25 മ്യൂസിക് ഫെസ്റ്റിവലിൽ ഇടം നേടി ഒച്ച

**കൊച്ചി:** റോളിങ് സ്റ്റോൺ ഇന്ത്യയുടെ രാജ്യത്തെ ഏറ്റവും മികച്ച 25 മ്യൂസിക് ഫെസ്റ്റിവലിൽ ഇടം നേടി ഒച്ച. കേരളത്തിൽ നിന്ന് പട്ടികയിൽ ഇടം നേടിയ ഏക മ്യൂസിക് ഫെസ്റ്റിവൽ കൂടിയാണിത്. ഏറ്റവും മികച്ച പട്ടികയിൽ 14ാമതായാണ് ഒച്ച ഇടം നേടിയിരിക്കുന്നത്. സംഗീത നിശ എന്നതിലുപരി കേരളത്തിലെ യുവാക്കളുടെ സാംസ്കാരിക സംഗമവേദി കൂടിയായിരുന്നു കൊച്ചി കളമശേരി ചാക്കോളാസ് കൺവെൻഷൻ സെന്ററിൽ നടന്ന ഒച്ച ഫെസ്റ്റിവൽ. ഭാഷയുടെയോ സംഗീത വിഭാഗങ്ങളുടെയോ അതിർവരമ്പുകളില്ലാതെ, മലയാളം റാപ്പും ഇംഗ്ലീഷ് റാപ്പും ബേസ് മ്യൂസിക്കുമെല്ലാം ഒരേപോലെ ആസ്വദിക്കപ്പെടുന്ന ഇടമെന്ന സവിശേഷതയും ഒച്ചയ്ക്കുണ്ട്. തമിഴ് റാപ്പർ അസൽ കോളാർ, എസ്.എ, ലിൽ പയ്യൻ, ഇ.എഫ്.വൈ എന്നിവർക്കൊപ്പം ഡബ്സീ, വേടൻ എന്നിവരുടെ സാന്നിധ്യവും ഈ വർഷത്തെ പ്രധാന ആകർഷണങ്ങളായിരുന്നു. കേരളത്തിലെ ഹിപ് ഹോപ്പ് യാത്രയുടെ മുൻഗാമികളായ തിരുമാലിയും തഡ്വൈസറും കരുത്തുപകർന്നു. ചുരുക്കത്തിൽ കേരളത്തിലെ സംഗീതരംഗത്തിന്റെ വളർച്ച അടയാളപ്പെടുത്തുന്ന ഒരു ഉത്സവമായി ഒച്ച ഫെസ്റ്റിവൽ മാറി. സൈന മ്യൂസിക്കാണ് ഒച്ച ഫെസ്റ്റിവലിന്റെ സംഘാടകർ.

മ്യൂസിക് ഫെസ്റ്റിവലുകളുടെ ഈ അതിപ്രസരത്തിനിടയിൽ, ഏത് ഫെസ്റ്റിവലാണ് യഥാർഥത്തിൽ പ്രാധാന്യമുള്ളതെന്നും ഏതാണ് വെറും ഇൻസ്റ്റാഗ്രാം ഓർമകളിൽ ഒതുങ്ങുന്നതെന്നും തിരിച്ചറിയുക പ്രയാസമാണെന്നും, അതിനാൽ ങ്ങളുടെ എഴുത്തുകാരും എഡിറ്റർമാരും വിവിധ വശങ്ങൾ പരിശോധിച്ച് ദീർഘമായ ചർച്ചകൾക്ക് ഒടുവിലാണ് മികച്ച ഫെസ്റ്റിവലുകളുടെ ഒരു പട്ടിക തയ്യാറാക്കിയതെന്നും റോളിങ് സ്റ്റോൺ ഇന്ത്യ വ്യക്തമാക്കുന്നു. ഓരോ ഫെസ്റ്റിവലും എത്രത്തോളം കൃത്യമായി സംഘടിപ്പിക്കപ്പെടുന്നു, അവയുടെ തനിമ എത്രത്തോളം വ്യക്തമാണ്, പ്രേക്ഷകർക്ക് അവയിലുള്ള വിശ്വാസം എത്രത്തോളം എന്നതിനെ അടിസ്ഥാനമാക്കിയാണ് പട്ടിക തയാറാക്കിയത്. പ്രൊഡക്ഷൻ നിലവാരം, സാംസ്കാരിക പ്രസക്തി, ദീർഘകാല സ്വാധീനം എന്നിവയും ഈ വിലയിരുത്തലിൽ ഘടകങ്ങളായിട്ടുണ്ട്. മുംബൈയിലെ ലോലാപലൂസ ഇന്ത്യയാണ് പട്ടികയിൽ ഒന്നാമതെത്തിയത്. മാഗ്നറ്റിക് ഫീൽഡ്സ്, ബാൻഡ്ലാൻഡ്, സിറോ ഫെസ്റ്റിവൽ, എക്കോസ് ഓഫ് എർത്ത് എന്നിവ യഥാക്രമം രണ്ടു മുതൽ അഞ്ചുവരെ സ്ഥാനങ്ങളിലെത്തി.

## പത്ത് വർഷം പൂർത്തിയാക്കി ഫോൺപേ

**കൊച്ചി:** ഇന്ത്യയുടെ ഫിൻടെക് വളർച്ചയിലെ ഒരു ദശകം ആഘോഷിച്ച് ഫോൺപേ. ഡിജിറ്റൽ സാമ്പത്തിക രംഗത്ത് നിർണായക പങ്കുവഹിക്കുന്ന സ്ഥാപനമായി മാറിയ ഫോൺപേ, 2025ൽ 600 മില്യണിലധികം രജിസ്റ്റർഡ് ഉപയോക്താക്കളെന്ന നേട്ടം കൈവരിച്ചു. വിശ്വാസവും സുരക്ഷയും വർധിപ്പിക്കുന്നതിനായി യുപിഐ സർക്കിൾ, ഫോൺപേ പ്രോട്ടക്റ്റ് തുടങ്ങിയ പുതിയ ഫീച്ചറുകൾ അവതരിപ്പിച്ചു. വ്യാപാരികൾക്കായി 'മെയ്ഡ് ഇൻ ഇന്ത്യ' സ്മാർട്ട് സ്പീക്കർ, സ്മാർട്ട് പോഡ് എന്നിവയും അവതരിപ്പിച്ചു. എസ്ഐ ഡിബിഐയുമായി ചേർന്ന് ഉദ്യം അസ്സിസ്റ്റ് പദ്ധതിയിലൂടെ എംഎസ്എംഇകൾക്ക് ഡിജിറ്റൽ ക്രെഡിറ്റ് സൗകര്യം ലഭ്യമാക്കി. കൂടാതെ, സാധാരണ ഉപഭോക്താക്കൾക്കായി ഹോം ഇൻഷുറൻസ്, ഹെൽത്ത് ഇൻഷുറൻസ് പോലുള്ള വിലകുറഞ്ഞ ഇൻഷുറൻസ് ഉൽപ്പന്നങ്ങളും പുതിയ വായ്പാ സേവനങ്ങളും അവതരിപ്പിച്ച് സാമ്പത്തിക ഉൾക്കൊള്ളലിനുള്ള പ്രതിബദ്ധത ഫോൺപേ ശക്തിപ്പെടുത്തി.

## ഇന്ത്യയിലുടനീളം 5,000ത്തിലധികം ഫാസ്റ്റ് ചാർജിങ് നെറ്റ്‌വർക്കുമായി ഏഥർ എനർജി

**കൊച്ചി:** ഇലക്ട്രിക് ഇരുചക്ര വാഹന നിർമാതാക്കളായ ഏഥർ എനർജി, ഏഥർ റൈഡർമാർക്ക് ഇന്ത്യയിലുടനീളം 5,000ത്തിലധികം പബ്ലിക് ഫാസ്റ്റ് ചാർജറുകളിലേക്ക് പ്രവേശനം ലഭ്യമാക്കിയതായി അറിയിച്ചു. ഇതിൽ 3,675ത്തിലധികം ഫാസ്റ്റ് ചാർജറുകൾ ഏഥർ നേരിട്ട് പ്രവർത്തിപ്പിക്കുന്നതും, 1,400ത്തിലധികം ചാർജറുകൾ എൽ ഇസിസിഎസ് നെറ്റ്‌വർക്കുകളിലൂടെയുമാണ്. 395ത്തിലധികം നഗരങ്ങളിലായി വ്യാപിച്ചിരിക്കുന്ന ഈ ചാർജിംഗ് ശൃംഖല മെട്രോ നഗരങ്ങൾ, ടയർ2, ടയർ3 പട്ടണങ്ങൾ, പ്രധാന ഇന്റർസിറ്റി റൂട്ടുകൾ എന്നിവയെ ഉൾക്കൊള്ളുന്നു. 240ത്തിലധികം ചാർജറുകളോടെ ബെംഗളൂരു മുന്നിലാണ്. കേരളം ഉൾപ്പെടെ കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്, ഗുജറാത്ത് സംസ്ഥാനങ്ങളിലും ശക്തമായ സാന്നിധ്യമുണ്ട്. നേപ്പാൾ, ശ്രീലങ്ക എന്നിവിടങ്ങളിലേക്കും ഏഥർ ചാർജിംഗ് നെറ്റ്‌വർക്ക് വ്യാപിപ്പിച്ചിട്ടുണ്ട്.

